# കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം)

ഐ.എസ്.ഒ 9001-2008 അംഗീകൃത സ്ഥാപനം

റീജിയണൽ സ്റ്റേഷൻ, കുളത്തൂപ്പുഴ, കൊല്ലം691310. ഫോൺ 0475 2317547

നമ്പർ. സി2/80/98/വാല്യം.4 തീയതി. 02.11.2021

# ലഘുലേലപ്പരസ്യം

കോവിഡ്-19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, പരമാവധി 50 പേരെ മാത്രം ഉൾപ്പെടുത്തിയും, സാമൂഹിക അകലം പാലിച്ചും, കേരള കന്നുകാലി വികസന ബോർഡിന്റെ കുളത്തൂപ്പുഴ ഫാമിൽനിന്നും പശുക്കളും കിടാരികളും ഉൾപ്പെടെ ഉദ്ദേശം 20 ഉരുക്കളെ **07.12.2021 ചൊവ്വാഴ്ച** പരസ്യലേലത്തിൽ/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽക്കുന്നതാണ്.

| സ്ഥലം | സീൽഡ് ക്വട്ടേഷൻ വാങ്ങുന്ന ഉദ്യോഗസ്ഥൻ | പശുക്കളുടെ എണ്ണം | സീൽഡ് ക്വട്ടേഷൻ സമർപ്പിക്കേണ്ട സമയം | ലേലം തുടങ്ങുന്ന തീയതിയും സമയവും |
|---|---|---|---|---|
| കെ.എൽ.ഡി. ബോർഡ് കുളത്തൂപ്പുഴ | മാനേജർ (എ.എച്ച്) കുളത്തൂപ്പുഴ ഫാം, കുളത്തൂപ്പുഴ | 20 ഉരുക്കൾ | 06.12.2021 വൈകിട്ട് 4.30 ന് ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 1000/- രൂപ അടച്ചതിന്റെ രസീത് ഉള്ളടകം ചെയ്തിരിക്കണം | 07.12.2021 രാവിലെ 10.30 മുതൽ |

## വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കുചേരാൻ ഉദ്ദേശിക്കുന്നവർ നിരതദ്രവ്യമായി 1000/- രൂപ 06.12.2021-ൽ 2.30-ന് മുൻപായിആഫീസിൽ അടച്ചിരിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ദിവസം അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസംവരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും തുടർന്ന് ലേലം നടത്തുന്നതുമാണ്.
2. ഓരോ ഉരുവിനും പ്രത്യേകം പ്രത്യേകം സീൽഡ് ക്വട്ടേഷൻ 06.12.2021 വൈകിട്ട് 4.30 ന് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനോടൊപ്പം 1000/- രൂപ നിരതദ്രവ്യം അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്തിരിക്കണം. സീൽഡ് ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഏത് ഉരുവിനെയാണോ കോട്ട് ചെയ്യുന്നത് ആ ഉരുവിന്റെ നമ്പറും, കോട്ട് ചെയ്യുന്ന വിലയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. കവറിനുപുറത്ത് ഉരുവിന്റെ നമ്പർ, കോട്ട് ചെയ്യുന്ന ആളുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സമർപ്പിക്കാത്തവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ നിരതദ്രവ്യം നിശ്ചിത സമയത്തിനുള്ളിൽ അടച്ചിരിക്കണം. യാതൊരുകാരണവശാലും നിരതദ്രവ്യം അടയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. സീൽഡ് ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്ന ഓരോ ഉരുവിന്റേയും കൂടിയ തുകയോ, ഉരുക്കളെ പരസ്യമായി ലേലം ചെയ്യുമ്പോൾ കിട്ടുന്ന തുകയോ ഏതാണ് കൂടിയതെന്നുനോക്കി ലേലം ഉറപ്പിക്കുന്നതാണ്.
4. ന്യായമായ വില കിട്ടാത്ത ഉരുക്കളുടെ ലേലം സ്ഥിരപ്പെടുത്താതിരിക്കാനുള്ള അധികാരം ലേലം നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.
5. ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലത്തുകയുടെ $^1/_3$ ഭാഗം അപ്പോൾത്തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്.
6. ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം അടച്ച വ്യക്തിക്കോ അവർ നിർദ്ദേശിക്കുന്ന പ്രതിപുരുഷനോ മാത്രമേ അവകാശം ഉണ്ടണ്ടായിരിക്കുകയുള്ളു. നിരതദ്രവ്യം അടച്ചതിന്റെ രസീത് ലേലത്തിനുമുമ്പ് ലേലത്തിൽ പങ്കുകൊള്ളുന്നവർ ഹാജരാക്കേണ്ടതാണ്.
7. ഒരു വ്യക്തിയെമാത്രമെ ലേലത്തിൽ പങ്കുചേരാൻ ഫാമിനുള്ളിൽ പ്രവേശിപ്പിക്കുകയുള്ളു. സഹായികളെ അനുവദിക്കുന്നതല്ല.
8. ആദ്യം ഇ.എം.ഡി അടക്കുന്ന 50 പേരെ മാത്രമെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളു.
9. ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ 3 പ്രവൃത്തി ദിനങ്ങൾക്കുള്ളിൽ (10.12.2021 വൈകുന്നേരം 5 മണി) പണം മുഴുവൻ അടച്ചശേഷം പശുക്കളെ കൊണ്ടു പോകാവുന്നതാണ്. അല്ലാത്തപക്ഷം ടി ഉരുവിന്റെ ദൈനംദിന ചെലവുകൾക്കായി പ്രതിദിനം 200 രൂപ ക്രമത്തിൽ നിരതദ്രവ്യം/ലേലത്തുകയിൽനിന്നും നിന്നും ഈടാക്കുന്നതായിരിക്കും.
10. ദിവസം കഴിഞ്ഞിട്ടും ഉരുക്കളെ കൊണ്ടുപോകാത്ത സാഹചര്യത്തിൽ, ഉരുക്കളുടെ മുൻകൂർ അടച്ച ലേലത്തുക കെ.എൽ.ഡി ബോർഡിലേക്ക് കണ്ടുകെട്ടുന്നതും, അത്തരം ഉരുക്കളുടെമേൽ ലേലംകൊണ്ടയാൾക്ക് യാതൊരു അവകാശവും പിന്നീട് ഉണ്ടായിരിക്കുന്നതുമല്ല.
11. ഉരുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൽസമയത്ത് ഫാം രേഖകളിൽ അടിസ്ഥാനമാക്കിയുള്ളതാണ്. ലേലശേഷം ലേലക്കാരന്റെ ഉദ്ദേശ്യങ്ങൾക്കോ, പരിസ്ഥിതി മാററങ്ങൾക്കോ വിധേയമായി ഉണ്ടായേക്കാവുന്ന ഒരു ന്യൂനതയ്ക്കും ബോർഡ് ഉത്തരവാദി ആയിരിക്കുന്നതല്ല. ഒരിക്കൽ വിറ്റ ഉരുവിനെ ഒരുകാരണവശാലും ബോർഡിലേക്ക് തിരിച്ചെടുക്കുന്നതല്ല.
12. ഉരുക്കളുടെ ശാരീരികാവസ്ഥയും മറ്റുഗുണങ്ങളും മനസ്സിലാക്കുന്നതിനും കണ്ട് ബോധ്യപ്പെടുന്നതിനും 4,6 തീയതികളിൽ ഇ.എം.ഡി അടച്ച വ്യക്തിയെമാത്രമേ അനുവദിക്കുകയുള്ളു. അതേദിവസങ്ങളിൽ 10 മണിമുതൽ വൈകിട്ട് 4 മണിവരെ മാത്രമെ സന്ദർശനം പാടുള്ളു.
13. ഉരുക്കളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയേണ്ടണ്ടവർ കെ.എൽ.ഡി ബോർഡ് കുളത്തൂപ്പുഴ ഹൈ-ടെക് ഫാം അസി.മാനേജർ (എ.എച്ച്)-നെ സമീപിക്കേണ്ടതാണ്.
14. കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ശരീരോഷ്മാവ് പരിശോധിച്ച്, കൈകൾ അണുനശീകരണം നടത്തിമാത്രമെ ലേലവേദിയിലേക്ക് പ്രവേശിപ്പിക്കുയുള്ളു. സാമൂഹിക അകലം പാലിച്ച് നിർദ്ദിഷ്ടം സ്ഥാനങ്ങളിൽ ഇരിക്കേണ്ടതാണ്. ഇതിന് വിമുഖത പ്രകടിപ്പിക്കുന്നവരെ ലേലത്തിൽ നിന്നും പുറത്താക്കുന്നതായിരിക്കും.